**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1980** **09-02-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | **പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) പദ്ധതിയിൽ ആലപ്പുഴ നിയോജക മണ്ഡലത്തിൽ**<br>**(1) വുമൺ എംപവർമെന്റ് & ഫെസിലിറ്റേഷൻ സെന്റർ ( ആലപ്പുഴ ബീച്ച് റോഡ് –ൽ)**<br>**(2) സദ്ഭാവനാമണ്ഡപം – കോമൺ സർവീസ് സെന്റർ (ലോറി സ്റ്റാന്റിന് സമീപം, ആലപ്പുഴ) എന്നീ പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളത്.** |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം സി.ആർ.ഇസഡ്. ക്ലിയറൻസിന് ശേഷം വുമൺ എംപവർമെന്റ് & ഫെസിലിറ്റേഷൻ സെന്ററിന് പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | പുതുക്കിയ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്.<br>പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ 2019-20 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച വുമൺ എംവർമെന്റ് ആന്റ് ഫെസിലിറ്റേഷൻ സെന്റർ (1423.34 ലക്ഷം രൂപ) എന്ന പ്രവൃത്തിയ്ക്ക് G+4 പ്ലാൻ പ്രകാരം കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ആലപ്പുഴ ബീച്ച് റോഡിൽ അനുവദിക്കപ്പെട്ട ടി പദ്ധതിയുടെ നിർവ്വഹണം ആരംഭിക്കുന്നതിന് CRZ–ന്റെ ക്ലിയറൻസ് ആവശ്യമായി വരികയും ആയത് നിലവിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ CRZ ക്ലിയറൻസ് ലഭിക്കുന്നതിലേയ്ക്ക് F.A.R പെർമിസിബിൾ ലിമിറ്റ് (1.5) നുള്ളിൽ നിൽക്കത്തക്ക രീതിയിൽ പ്ലാൻ മാറ്റേണ്ടി വരികയും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള പ്ലാനിൽ നിന്നും ഒരു നില ഒഴിവാക്കി ഗ്രൗണ്ട് ഫ്ലോർ +3 ഫ്ലോർ ആക്കി കൊണ്ട് CRZ ക്ലിയറൻസ് ലഭിക്കുകയും ചെയ്തു . ഇതനുസരിച്ചിട്ടുള്ള റിവൈസ്ഡ് പ്രൊപ്പോസൽ ഭരണാനുമതിയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ അനുമതി നൽകിയിരിക്കുന്ന പ്ലാനിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഈ സാഹചര്യത്തിൽ ജില്ലയിൽ നിന്നും ലഭിച്ചിരിക്കുന്ന |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസൽ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. |
| (സി) | പ്രസ്തുത സെന്ററിന് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ അംഗീകാരം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (സി) | പുതുക്കിയ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്.<br><br>പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ 2019-20 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച വുമൺ എംപവർമെന്റ് ആന്റ് ഫെസിലിറ്റേഷൻ സെന്റർ (1423.34 ലക്ഷം രൂപ) എന്ന പ്രവൃത്തിയ്ക്ക് G+4 പ്ലാൻ പ്രകാരം കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ആലപ്പുഴ ബീച്ച് റോഡിൽ അനുവദിക്കപ്പെട്ട ടി പദ്ധതിയുടെ നിർവ്വഹണം ആരംഭിക്കുന്നതിന് CRZ–ന്റെ ക്ലിയറൻസ് ആവശ്യമായി വരികയും ആയത് നിലവിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ CRZ ക്ലിയറൻസ് ലഭിക്കുന്നതിലേയ്ക്ക് F.A.R പെർമിസിബിൾ ലിമിറ്റ് (1.5) നുള്ളിൽ നിൽക്കത്തക്ക രീതിയിൽ പ്ലാൻ മാറ്റേണ്ടി വരികയും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള പ്ലാനിൽ നിന്നും ഒരു നില ഒഴിവാക്കി ഗ്രൗണ്ട് ഫ്ലോർ +3 ഫ്ലോർ ആക്കി കൊണ്ട് CRZ ക്ലിയറൻസ് ലഭിക്കുകയും ചെയ്തു . ഇതനുസരിച്ചിട്ടുള്ള റിവൈസ്ഡ് പ്രൊപ്പോസൽ ഭരണാനുമതിയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ അനുമതി നൽകിയിരിക്കുന്ന പ്ലാനിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഈ സാഹചര്യത്തിൽ ജില്ലയിൽ നിന്നും ലഭിച്ചിരിക്കുന്ന പ്രൊപ്പോസൽ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ